**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിയന്നൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ ഭൂരഹിതർക്ക് ഭൂമിവാങ്ങൽ (ജനറൽ) . പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി രാജമ്മ ധനസഹായമായി കൈപ്പറ്റിയ തുക തിരികെ അടച്ച് വസ്തു വിൽപ്പന നടത്തുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt) No. 1330/2018/LSGD
തിരുവനന്തപുരം, തീയതി, 11.05.2018

പഞ്ചായത്ത് ഡയറക്ടറുടെ 04-04-2018 ലെ
വായന:- ജെ1/8093/18കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ 2015-16സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) എന്ന പദ്ധതി പ്രകാരം ശ്രീമതി രാജമ്മ, ഇലവമംഗലം, മേലെ പുത്തൻവീട് എന്നയാൾക്ക് 100000 /- രൂപാ ധനസഹായം നല്കി 3 സെന്റ് വസ്തു വാങ്ങിയിട്ടുള്ളതാണ്. എന്നാൽ ടി വസ്തുവിൽ വീട് നിർമിച്ച് താമസിക്കാൻ പറ്റാത്ത സാഹചര്യമായതിനാൽ ധനസഹായമായി കൈപ്പറ്റിയ തുക തിരികെ അടച്ച് വസ്തു വിൽപ്പന നടത്തുന്നതിന് അനുമതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ ശുപാർശ ചെയ്ത് പഞ്ചായത്ത് ഡയറക്ടർ സർക്കാർ അനുമതിയ്ക്കായി വായന (2) പ്രകാരം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തികവർഷത്തിൽ

നടപ്പിലാക്കിയ ഭൂരഹിതർക്ക് ഭൂമിവാങ്ങൽ (ജനറൽ) എന്ന പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി രാജമ്മ, ഇലവമംഗലം, മേലെപുത്തൻവീട് എന്നയാൾ ടി പദ്ധതി പ്രകാരം പഞ്ചായത്തിന്റെ ധനസഹായത്തോടെ വാങ്ങിയ വസ്തുവിൽ വീട് വച്ച് താമസിക്കാൻ പറ്റാത്ത സാഹചര്യമായതിനാൽ ധനസഹായമായി കൈപ്പറ്റിയ തുക തിരികെ അടച്ച് ടി വസ്തു വിൽപ്പന നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം
ശ്രീമതി രാജമ്മ, ഇലവമംഗലം, മേലെ പുത്തൻവീട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
Information Kerala mission

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ